## കേരള സർക്കാർ

## ജലസേചന വകുപ്പ് ഹൈഡ്രോളജി വിഭാഗം

## ക്വട്ടേഷൻ പരസ്യം

നമ്പർ -ഡി.ബി. 39/2017

തീയതി -12/10/2026

ചെങ്ങന്നൂർ ഹൈഡ്രോളജി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആഫീസിൽ നിന്നും പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പരസ്യപ്പെടുത്തുന്നത്.

ഈ ആഫീസിന്റെ പരിധിയിൽപ്പെട്ട CGO FUND ൽ പ്രവർത്തിക്കുന്ന കല്ലേലി (Helper) ഗേജിംഗ് സ്റ്റേഷനുകളിൽ നിന്നും അളവുകളും കണക്കുകളും എടുക്കുവാനും അതിനായി കൊടുത്തിട്ടുള്ള രജിസ്റ്ററുകളിൽ കൃത്യമായി അളവുകൾ തൽക്ഷണം രേഖപ്പെടുത്തുവാനും തൽസംബന്ധമായ റിപ്പോർട്ടുകൾ മേലധികാരികളുടെ നിർദ്ദേശപ്രകാരം ഓഫീസിൽ എത്തിക്കുവാനും തൽസമയ അളവുകൾ Phone/SMS/Whatsapp/email/മറ്റ മാർഗ്ഗങ്ങൾ എന്നിവ മുഖേന അറിയിക്കുന്നതിനും സ്റ്റേഷന്റെ പരിസരം വൃത്തിയായി സൂക്ഷിക്കുവാനും ടി ആവശ്യങ്ങൾക്ക് തന്നിട്ടുള്ള ഉപകരണങ്ങൾ കൈപ്പറ്റി രസീത് കൊടുത്ത് കേടു വരാതെ സൂക്ഷിച്ച് കരാർ കാലാവധിക്ക് ശേഷം ചാർജ് ഓഫീസറെ തിരിച്ചേൽപ്പിക്കുവാനും കാലാകാലങ്ങളിൽ തരുന്ന നിർദ്ദേശങ്ങൾ നടപ്പാക്കാനുള്ള പ്രവർത്തികൾക്ക്, 2026 നവംബർ മാസം 1-ാം തീയതി മുതലോ, നിർദ്ദേശിക്കുന്ന തീയതി മുതലോ, ഹൈഡ്രോളജി ചെങ്ങന്നൂർ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഒരു അറിയിപ്പ് ഉണ്ടാകുന്നവരെയോ അല്ലെങ്കിൽ പരമാവധി 2027 മാർച്ച് മാസം 31 വരെയുള്ള 5 മാസ കാലയളവിലേക്ക് ക്വട്ടേഷൻ ക്ഷണിച്ചുകൊള്ളുന്നു.

മേൽ നിർദ്ദശിച്ചിരിക്കുന്ന പ്രവർത്തികൾക്ക് ടി സ്റ്റേഷനിൽ നിന്നും ഡാറ്റ ശേഖരിക്കുന്ന പ്രവർത്തിക്കായി പ്രതിമാസം എത് നിരക്കിൽ ചെയ്യാമെന്ന് അക്കത്തിലും അക്ഷരത്തിലും എഴുതി പോസ്റ്റൽ അഡ്രസ്സും ചേർത്ത് നിശ്ചിത ഫോറത്തിൽ ചെങ്ങന്നൂർ ഹൈഡ്രോളജി സബ് ഡിവിഷൻ ആഫീസിൽ സമർപ്പിക്കേണ്ടതാണ്. 13-10-2026 മുതൽ 17-10-2026 വരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും സൗജന്യമായി അപേക്ഷഫോറം ഈ കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജനന തീയതി എന്നിവ ക്വട്ടേഷനിൽ ചേർക്കേണ്ടതാണ്. പ്രവർത്തി ചെയ്യുന്നതിനുള്ള വേതനം സർക്കാരിൽ നിന്നും അനുവദിച്ച് തരുന്ന മുറയ്ക്ക് ബാങ്ക് അക്കൗണ്ട് വഴി തരുന്നതാണ്. ഗേജ് റീഡർക്ക് വേണ്ടിയുള്ള ക്വട്ടേഷൻ നൽകുന്നവർ അവരുടെ നിലവിലുള്ള ബാങ്ക് അക്കൗണ്ട് പേരും ഇനിഷ്യൽ സഹിതം തിരിച്ചറിയൽ കാർഡിലെ പേരും ഒന്നു തന്നെയാണന്ന് ഉറപ്പുവരുത്തേതതാണ്.

ഉപകരണങ്ങൾ നഷ്ടപ്പെടുത്തിയാൽ അതിന്റെ വില ക്വട്ടേഷനറിൽ നിന്നും ഈടാക്കുന്നതാണ്. റീഡിംഗ് എടുക്കുന്നതിന് അര മണിക്കൂർ മുൻപ് സ്ഥലത്ത് വരേണ്ടതും കൃത്യ സമയത്ത് റീഡിംഗ് എടുത്ത് രേഖപ്പെടുത്തേണ്ടതും ആകുന്നു.

വെലോസിറ്റി കറന്റ് മീറ്റർ ഉപയോഗിച്ച് അളക്കുന്ന സ്റ്റേഷനുകളിൽ രാവിലെ 8 മണിക്ക് സ്റ്റേഷനുകളിൽ എത്തേണ്ടതുമാണ്. ഏതെങ്കിലും ഉപകരണങ്ങൾ കേടായി അളവുകൾ ലഭ്യമല്ലാത്ത കാലയളവിൽ വേതനം നൽകുന്നതല്ല. പ്രവർത്തിയുടെ കാലയളവിൽ എസ്റ്റിമേറ്റ് തുകയ്ക്ക് സർക്കാർ കുറവ് വരുത്തുന്ന പക്ഷം ആ തുകയ്ക്ക് ചെയ്തു തരേണ്ടതാണ്. കൂടാതെ അളവുകൾ എടുക്കേണ്ടതില്ലന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർദ്ദശിക്കുന്ന മുറയ്ക്ക് അത്തരം പ്രവർത്തികൾക്ക് വേതനം നൽകുന്നതല്ല.

സീൽ വെച്ച ക്വട്ടേഷനുകൾ അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ, ഹൈഡ്രോളജി സബ് ഡിവിഷൻ ചെങ്ങന്നൂർ എന്ന വിലാസത്തിൽ 2026 ഒക്ടോബർ 22-ാം തീയതി ഉച്ച കഴിഞ്ഞ് 1 മണി വരെ സ്വീകരിക്കുന്നതും അന്നേ ദിവസം 2.00 ന് തുറക്കുന്നതും ആണ്. രേഖപ്പെടുത്തിയ റേറ്റിനോടൊപ്പം ക്വട്ടേഷണറുടെ മുൻപരിചയം വിദ്യാഭ്യാസ യോഗ്യത,തിരിച്ചറിയൽ രേഖ (ആധാർ) എന്നിവ കൂടി കണക്കിലെടുത്താവും തെരഞ്ഞെടുപ്പ് നടത്തുക. ഉയർന്ന അധികാരികളിൽ നിന്നും അനുമതി ലഭിക്കുന്ന മുറയ്ക്കും ക്വട്ടേഷനുകൾക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്കും മാത്രമേ തുടർ നടപടികൾ സ്വീകരിക്കുകയുള്ളൂ. തെരഞ്ഞെടുക്കപ്പെട്ട ആൾ 200 രൂപാ മുദ്രപത്രത്തിൽ ഈ ആഫീസിൽ നിന്നും നിർദ്ദേശിക്കുന്ന ഉടമ്പടികൾക്ക് വിധേയമായി കരാർ പത്രം രണ്ട് സാക്ഷികൾ മുൻപാകെ ഒപ്പിട്ടു തരേണ്ടതും സ്റ്റേഷന്റെയും ഉപകരണങ്ങളുടേയും ചാർജുകൾ അതാത് അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ നിന്നും സ്വീകരിക്കേണ്ടതുമാകുന്നു. കരാർ ഉടമ്പടികൾക്ക് വിപരീതമായി കൃത്യ സമയത്ത് ജോലിക്ക് ഹാജരാകാതിരിക്കുകയോ ജോലി ചെയ്യാതിരിക്കുകയോ ചെയ്താൽ യാതൊരു മുന്നറിയിപ്പും കൂടാതെ ക്വട്ടേഷണറെ പിരിച്ചുവിടുന്നതും വേറെ ആളെ നിശ്ചയിക്കുന്നതുമാണ്. ഈ ജോലി പരമാവധി 5 മാസ കാലയളവിലേക്ക് കരാറടിസ്ഥാനത്തിൽ മാത്രം നിശ്ചയിക്കുന്നതും സർക്കാരിൽ നിലവിലുള്ള മറ്റു വ്യവസ്ഥകളോ മറ്റാനുകൂല്യങ്ങൾ ഒന്നും തന്നെയോ ഇതിന് ബാധകമല്ലാത്തതുമാണ്.

കേരള ഗവർണ്ണർക്കു വേണ്ടി
അസിസ്റ്റന്റ് എക്സിക്യുട്ടീവ് എഞ്ചിനീയർ
ഹൈഡ്രോളജി സബ് ഡിവിഷൻ, ചെങ്ങന്നൂർ

പകർപ്പ്:-

1. നോട്ടീസ് ബോർഡ്,
2. അസിസ്റ്റന്റ് എഞ്ചിനീയർ/ഡയറക്ടർ ഹൈഡ്രോളജി സെക്ഷൻ അടൂർ
3. എക്സിക്യുട്ടീവ് എഞ്ചിനീയർ,ഹൈഡ്രോളജി ഡിവിഷൻ, ചെങ്ങന്നൂർ,
4. സ്റ്റേഷൻ പരിസരം,
5. ഐ.റ്റി.സെൽ